بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 19.08.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 29

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇന്ന് ഞാൻ ബദരി സ്വഹാബാക്കളുടെ സ്മരണയിൽ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)ന്റ ഖിലാഫത്ത് കാലഘട്ടത്തിൽ നടന്ന സംഭവങ്ങളുടെ തുടർച്ചയിൽ ശാമിലേക്കുള്ള മുന്നേറ്റത്തെക്കുറിച്ച് പരാമർശിക്കുന്നതാണ്.

ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) കലാപകാരികളായ മതപരിത്യാഗികളെ അടിച്ചമർത്തുകയും അറബികൾ സുസംഘടിതരാകുകയും ചെയ്തപ്പോൾ, പുറത്തുനിന്ന് അക്രമങ്ങൾ നടത്തുന്ന എതിരാളികളുടെ കൂട്ടത്തിൽപെട്ട റോമക്കാരുമായി യുദ്ധം ചെയ്യുന്നതിനെ ക്കുറിച്ച് ആലോചിച്ചെങ്കിലും ആ വിവരം ആരേയും അറിയിച്ചിരുന്നില്ല. (ഇന്നത്തെ ശാം അല്ലെങ്കിൽ സിറിയ സാമ്രാജ്യത്തെ റോമൻ സാമ്രാജ്യമെന്നും അവിടുത്തെ ഭരണാധികാരിയെ റോമൻ ചക്രവർത്തി എന്നും അറിയപ്പെട്ടിരുന്നു.) ഈ ആലോചനക്കിടയിൽ ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസന(റ) അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജറായിക്കൊണ്ടു പറഞ്ഞു: അല്ലയോ ഖലീഫത്തുർറസൂൽ(സ) താങ്കൾ സിറിയയിലേക്ക് ഒരു സൈനീക ആക്രമണത്തെ കുറിച്ചാണോ ചിന്തിക്കുന്നത് ? അവിടുന്ന് പറഞ്ഞു: അതെ, ഉദ്ദേശ്യമുണ്ട് എന്നാൽ ഞാൻ അക്കാര്യം ഇതുവരെ ആരെയും അറിയിച്ചിട്ടില്ല. താങ്കൾ എന്തുകൊണ്ടാണ് അങ്ങനെ ചോദിച്ചത് ? അദ്ദേഹം, ഞാൻ ഒരു സ്വപ്നം കണ്ടു എന്ന് പറഞ്ഞ് അത് വിവരിച്ചു കൊടുത്തു.

വളരെ നീണ്ട സ്വപ്നം കേട്ടുകൊണ്ട് ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) പറഞ്ഞു: നിങ്ങളുടെ കണ്ണുകൾക്ക് കുളിയർമയേകട്ടെ, താങ്കൾ വളരെ നല്ല സ്വപ്നമാണ് കണ്ടത്, നല്ലതു തന്നെ സംഭവിക്കും ഇൻശാഅല്ലാഹ്. താങ്കൾ ഈ സ്വപ്നത്തിൽ വിജയത്തിന്റെ സന്തോഷവാർത്തയും എന്റെ വഫാത്തിനെ കുറിച്ചുള്ള അറിയിപ്പുമാണ് നൽകിയത്. എന്ന് പറഞ്ഞുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ കണ്ണിൽനിന്നും കണ്ണുനീർ വരികയുണ്ടായി. അതിനുശേഷം അദ്ദേഹം ആ സ്വപ്നത്തെ മുഴുവൻ വ്യാഖ്യാനിച്ചു; അതിൽ വിജയങ്ങളുടെ വിശദാംശങ്ങളും അദ്ദേഹത്തിന്റെ മരണവാർത്തയും ഉൾപ്പെട്ടിരുന്നു.

അങ്ങനെ സിറിയ കീഴടക്കുന്നതിന് ഒരു സൈന്യത്തെ തയ്യാറാക്കാൻ ഹദ്റത്ത് അബൂബക്കർ(റ) പദ്ധതിയിട്ടപ്പോൾ ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ, ഹദ്റത്ത് സഅദ് ബിൻ അബീവഖാസ്, ഹദ്റത്ത് അബൂ ഉബൈദ ബിൻ അൽ ജർറാഹ്,(റ) കൂടാതെ മുഹാജിറും അൻസാറുമായ മുതിർന്ന ബദരീ സ്വഹാബാക്കളെയും മറ്റു സ്വഹാബാക്കളേയും അഭിപ്രായത്തിനായി ഒരുമിച്ചുകൂട്ടി. ഈ സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ സന്നിധിയിൽ ഹാജറായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്, വെറും കർമ്മങ്ങൾ അതിന് പകരമാകുകയില്ല. അവൻ നിങ്ങളിൽ ഔദാര്യം ചെയ്തുകൊണ്ട് ഒരു കലിമയിൽ ഒരുമിച്ചുകൂട്ടിയിരിക്കുന്നു എന്നതുകൊണ്ടുതന്നെ അവനെ അങ്ങേയറ്റം സ്തുതിക്കുക... ഇന്ന് അറബികൾ ഒരു സമുദായമാണ്, ഒരു മാതാവിന്റേയും പിതാവിന്റേയും മക്കളാണ്. റോമക്കാരോട് യുദ്ധം ചെയ്യാൻ അവരെ സിറിയയിലേക്ക് അയക്കണമെന്നാണ് എന്റെ അഭിപ്രായം. അവരിൽ വധിക്കപ്പെടുന്നവർ ശഹീദും ജീവനോടെ ബാക്കിയായവർ ഇസ്‌ലാം ദീനിനെ സംരക്ഷിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നവരും ആയിത്തീരും.

ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) പറഞ്ഞു: അല്ലാഹുവാണെ സത്യം, നന്മയുടെ ഏത് കാര്യത്തിലും ഞങ്ങൾ നിങ്ങളെ മറികടക്കാൻ ശ്രമിച്ചാലും നിങ്ങൾ എപ്പോഴും ഞങ്ങളെക്കാൾ മുന്നിലെത്തിയിട്ടുണ്ടാകും. അല്ലാഹുവാണെ സത്യം, താങ്കൾ ഇപ്പോൾ വിവരിച്ച ഈ കാര്യത്തിനായി ഞാൻ താങ്കളെ കാണാനിരിക്കുകയായിരുന്നു. തീർച്ചയായും താങ്കളുടെ അഭിപ്രായം ശരിയാണ്, അല്ലാഹു താങ്കൾക്ക് ശരിയായ മാർഗത്തെ കുറിച്ചുള്ള ധാരണ നൽകിയിരിക്കുന്നു. ആ മജ്‌ലിസിൽ കൂടിയിട്ടുണ്ടായിരുന്ന എല്ലാവരും അദ്ദേഹത്തിന്റെ അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് പറഞ്ഞു: ഞങ്ങൾ താങ്കളുടെ കാര്യങ്ങൾ

കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ്, ഞങ്ങൾ അനുസരണക്കേട് കാണിക്കുകയില്ല, താങ്കളുടെ ഓരോ പദ്ധതിയിലും ലബ്ബൈക്ക് പറയുന്നതായിരിക്കും.

ഹദ്റത്ത് ബിലാൽ(റ) ഹദ്റത്ത് അബൂബക്കർ(റ)ന്റെ കല്പന പ്രകാരം ഇപ്രകാരം വിളംബരം ചെയ്തു: അല്ലയോ ജനങ്ങളെ, നമ്മുടെ റോമൻ ശത്രുക്കളോട് യുദ്ധം ചെയ്യാൻ സിറിയയിലേക്ക് പുറപ്പെടുക, ഹദ്റത്ത് ഖാലിദ് ബിൻ സഈദ് മുസ്ലിംകളുടെ അമീർ ആയിരിക്കും. സിറിയയുടെ വിജയവുമായി ബന്ധപ്പെട്ട് ഹദ്റത്ത് അബൂബക്കർ(റ) ഏറ്റവും ആദ്യം ഹിജ്റ 13 ന് ഒരു സൈന്യം തയ്യാറാക്കി ഹദ്റത്ത് ഖാലിദ് ബിന് സഈദിനോടൊപ്പം അയക്കുകയുണ്ടായി. ഒരു നിവേദന പ്രകാരം ഹദ്റത്ത് അബൂബക്കർ(റ) മതപരിത്യാഗികൾക്കെതിരെ 11 സൈന്യങ്ങൾ തയ്യാറാക്കി അയച്ചപ്പോൾ തന്നെ സിറിയൻ അതിർത്തികൾ സംരക്ഷിക്കുന്നതിനായി ഹദ്റത്ത് ഖാലിദ് ബിന് സഈദ്(റ)നെ തൈമാഇലേക്ക് പോകാൻ കൽപ്പിച്ചുകൊണ്ട് മറ്റൊരു അറിയിപ്പ് ലഭിക്കുന്നതുവരെ അവിടെ നിന്ന് മാറരുത് എന്ന് നിർദേശിച്ചിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ) മദീനക്കാരെ കൂടാതെ മറ്റു പ്രദേശങ്ങളിലെ മുസ്ലിംകളേയും റോമക്കാർക്കെതിരായ യുദ്ധത്തിന് സജ്ജമാക്കാൻ തുടങ്ങി, ജിഹാദിൽ പങ്കെടുക്കൻ അവരെ പ്രോത്സാഹിപ്പിച്ചു. കൂടാതെ ഇതേ ലക്ഷ്യത്തിനായി അദ്ദേഹം യമനിലേക്ക് ഒരു കത്തെഴുതുകയും അത് ഹദ്റത്ത് അനസ് ബിൻ മാലികിന്റെ കയ്യിൽ കൊടുത്തയക്കുകയും ചെയ്തു, അദ്ദേഹം യമനികൾക്ക് ഫലപ്രദമായി സന്ദേശം എത്തിച്ചതിനുശേഷം മദീനയിൽ തിരിച്ചുവന്ന് താൻ വന്നു എന്ന സന്തോഷ വാർത്ത ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)നെ അറിയിക്കുകയും ചെയ്തു.

മറുവശത്ത് ഹദ്റത്ത് ഖാലിദ് ബിൻ സഈദ് തൈമാഇൽ എത്തി അവിടെ തമ്പടിച്ചു. ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നുള്ള നിരവധി കക്ഷികൾ അദ്ദേഹത്തോടൊപ്പം ചേർന്നു. മുസ്ലിംകളുടെ ഈ മഹാസൈന്യത്തെകുറിച്ച് റോമക്കാർ അറിഞ്ഞപ്പോൾ അവർ തങ്ങളുടെ സ്വാധീനത്തിലുള്ള അറബികളിൽ നിന്നും യുദ്ധത്തിനായി സൈന്യസഹായം തേടി. ഹദ്റത്ത് അബൂബക്കർ(റ)നെ എഴുത്തു മുഖേന അറിയിച്ചപ്പോൾ അദ്ദേഹം ഹദ്റത്ത് ഖാലിദ് ബിന് സഈദിന് മറുപടിയെന്നോണം നിങ്ങൾ പരിഭ്രാന്തരാകാതെ മുന്നേറുകയും അല്ലാഹുവിനോട് സഹയമഭ്യർഥിക്കുകയും ചെയ്യുക എന്ന് എഴുതി. അദ്ദേഹം റോമക്കാരുടെ നേരെ മുന്നേറി, എന്നാൽ അവർ ചിതറിപ്പോയതിനാൽ അവരുടെ സ്ഥലങ്ങൾ കൈവശപ്പെടുത്തി, കൂടാതെ അദ്ദേഹത്തിന്റെ അടുത്ത് കൂടിയിരുന്ന ഭൂരിഭാഗം ആളുകളും മുസ്ലിംകളായി. ഈ കാര്യങ്ങൾ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)നെ അറിയിച്ചപ്പോൾ, നിങ്ങൾ മുന്നോട്ട് ഗമിക്കുക എന്നാൽ പുറകിൽ നിന്നും ശത്രുക്കൾക്ക് അക്രമിക്കാനുള്ള അവസരം ലഭ്യമാകുന്ന അത്രയും മുന്നോട്ട് പോകരുത് എന്ന് അവിടുന്ന് കൽപന ലഭിച്ചു. അദ്ദേഹം ആളുകളുമായി മുന്നേറിക്കൊണ്ട് ബാഹാൻ എന്നു പേരുള്ള ഒരു പുരോഹിതനേയും അവരുടെ സൈന്യത്തേയും പരാജയപ്പെടുത്തി. നിരവധിപേരെ വധിച്ചു എന്നാൽ ബാഹാൻ ഓടി രക്ഷപ്പെട്ടുകൊണ്ട് ഡമാസ്കസിൽ അഭയം തേടി. ഹദ്റത്ത് അബൂബക്കർ(റ)ന് ഈ അറിയിപ്പ് നൽകിയശേഷം കൂടുതൽ സൈന്യം ആവശ്യപ്പെട്ടു, അപ്പോൾ ജൈശുൽ ബദാൽ എന്ന് പേരുള്ള സൈന്യം അദ്ദേഹത്തിന്റെ സഹായത്തിനായി എത്തി.

അതിനുശേഷവും ഹദ്റത്ത് അബൂബക്കർ(റ) ആളുകളെ റോമക്കാരുമായി യുദ്ധം ചെയ്യാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കൂടാതെ ഹദ്റത്ത് ഖാലിദ് ബിൻ സഈദ്(റ)ന്റെ സഹായത്തിനായി ഹദ്റത്ത് വലീദ് ബിൻ ഉഖ്ബ(റ)നോട് ശാമിലേക്ക് എത്താൻ നിർദേശിച്ചു. അദ്ദേഹം ഹദ്റത്ത് ഖാലിദ് ബിന് സഈദ്(റ)ന്റെ അടുത്തെത്തിയപ്പോൾ മദീനക്കാർ അവരുടെ സഹോദരങ്ങളെ സഹായിക്കാനായി വെമ്പൽ കൊള്ളുകയാണെന്നും ഹദ്റത്ത് അബൂബക്കർ(റ) സൈന്യത്തെ അയക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നും അറിയിച്ചു. അത് കേട്ടപ്പോൾ ഹദ്റത്ത് ഖാലിദ് ബിന് സഈദിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അദ്ദേഹം റോമൻ വിജയത്തിന്റെ ബഹുമതി തന്നെ തേടിയെത്തണമന്ന ചിന്തയിൽ ഹദ്റത്ത് വലീദ് ബിൻ ഉഖ്ബയെയും കൂട്ടി സൈനിക മേധാവിയായിക്കൊണ്ട് ബാഹാൻ നേതൃത്വം വഹിക്കുന്ന റോമക്കാരുടെ ആ വലിയ സൈന്യത്തെ അക്രമിക്കാൻ ആഗ്രഹിച്ചു, ആക്രമണത്തിനിടയിൽ വിജയത്തിന്റെ ആവേശത്തിൽ കാലത്തിന്റെ ഖലീഫയുടെ നിർദേശത്തെ അവഗണിച്ചുകൊണ്ട് പുറകിൽനിന്നുള്ള അക്രമണത്തെ കുറിച്ച് അശ്രദ്ധനായി. മറ്റു അമീർമാർ വരുന്നതിനു മുമ്പു തന്നെ റോമക്കാരോട് യുദ്ധം ചെയ്യാൻ തുടങ്ങി. അദ്ദേഹം ശത്രു സൈന്യത്തിലേക്ക് ഇരച്ചു കയറി. ആ സമയത്ത് ഹദ്റത്ത് ഖാലിദ് ബിൻ ഉഖ്ബയെക്കൂടാതെ ഹദ്റത്ത് ദുൽകലാഅ്, ഹദ്റത്ത് ഇക്രിമ എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ബാഹാന്റെ കൈകളാൽ തന്റെ മകനും മറ്റു നിരവധിയാളുകളും ശഹീദായി എന്ന വാർത്ത കേട്ടപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ സഈദ് അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. കൂടാതെ നിരവധി കൂട്ടാളികളും സൈന്യത്തിൽ നിന്നും ചിതറി ഓടി. എന്നാൽ ഹദ്റത്ത് ഇക്രിമ തന്റെ സ്ഥലത്തുനിന്നും പിന്മാറാതെ മുസ്ലിംകളെ സഹായിച്ചുകൊണ്ടിരുന്നു. ബാഹാനെയും അവന്റെ സൈന്യത്തെയും ഹദ്റത്ത് ഖാലിദ് ബിന് സഈദിനെ പിന്തുടരു

ന്നതിൽ നിന്നും തടഞ്ഞുവെച്ചു. ഹദ്റത്ത് ഖാലിദ് ബിന് സഈദ് പരാചിതനായിക്കൊണ്ട് മക്കയുടെയും മദീനയുടെയും ഇടയിലുള്ള ദുൽമർവ വരെ എത്തി. ഇക്കാര്യം ഹദ്റത്ത് അബൂബക്കർ(റ) അിറഞ്ഞപ്പോൾ അദ്ദേഹത്തോട് അതൃപ്തി പ്രകടിപ്പിക്കുകയും മദീനയിൽ പ്രവേശിക്കാൻ അനുവാദം നൽകാതിരിക്കുകയും ചെയ്തു. എന്നാൽ പിന്നീട് അനുവാദം ലഭിച്ചപ്പോൾ മദീനയിൽ പ്രവേശിച്ചുകൊണ്ട് അദ്ദേഹം തന്റെ ചെയ്തികൾക്ക് ക്ഷമാപണം നടത്തി.

ഹദ്റത്ത് ഖാലിദ് ബിൻ സഈദിന് പരാജയം സംഭവിച്ചിട്ടും ഹദ്റത്ത് അബൂബക്കർ(റ)ന്റെ ധൈര്യത്തിലും നിശ്ചയദാർഢ്യത്തിലും ഒരു ഒരു കുറവും സംഭവിച്ചില്ല. ഹദ്റത്ത് ഇക്രിമയും ഹദ്റത്ത് ദുൽകലാഉം ഇസ്ലാമിക സൈന്യത്തെ ശത്രുക്കളിൽനിന്ന് രക്ഷിച്ച് സിറിയൻ അതിർത്തിയിൽ തിരികെ കൊണ്ടുവന്ന് അവിടെ സഹായത്തിനായി കാത്തിരിക്കുകയാണെന്നറിഞ്ഞപ്പോൾ അദ്ദേഹം ഒരു നിമിഷംപോലും പഴാക്കാതെ കൂടുതൽ സൈന്യത്തെ അയക്കാനുള്ള ഏർപ്പാടുകൾ തുടങ്ങി. അതിനായി അദ്ദേഹം നാല് വലിയ സൈന്യങ്ങൾ തയ്യാറാക്കി സിറിയയുടെ വിവിധ പ്രദേശങ്ങളിലേക്കയച്ചു. സഹായത്തിനായി അയക്കപ്പെട്ട നാല് സൈന്യത്തിൽ ആദ്യത്തേത് ഹദ്റത്ത് യസീദ് ബിൻ അബൂ സുഫിയാന്റെ നേതൃത്വത്തിലുള്ളതായിരുന്നു. ഡമാസ്കസ് കീഴടക്കുകയും മറ്റു മൂന്ന് സൈന്യത്തെയും സഹായിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ സൈന്യത്തിന്റെ ലക്ഷ്യം. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് യസീദിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: മനുഷ്യരിൽ അല്ലാഹുവിനോട് ഏറ്റവും അടുത്തു നിൽക്കുന്നത് തന്റെ പ്രവർത്തനങ്ങളിലൂടെ ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്ന വ്യക്തിയാണ്. നിങ്ങൾ നിങ്ങളുടെ സൈന്യത്തിനടുത്തെത്തുമ്പോൾ അവരോട് നല്ല രീതിയിൽ വർത്തിക്കുക, അവരോട് ദയ കാണിക്കുക, അവരെ ഉപദേശിച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ ഹ്രസ്വമായി സംസാരിക്കുക കാരണം അമിതമായ സംസാരം പല കാര്യങ്ങളെയും മറപ്പിക്കും. നിങ്ങൾ നിങ്ങളെ തിരുത്തിയാൽ ആളുകൾ അവരെ സ്വയം തിരുത്തുന്നതാണ്. നമസ്കാരത്തെ യഥാസമയങ്ങളിൽ റുകൂഉം സുജൂദും പൂർത്തിയാക്കിക്കൊണ്ട് നമസ്കരിക്കുക. അതിനോട് ആത്മാർഥയോടും വിനയത്തോടും സമീപിക്കുക. ശത്രുവിന്റെ സന്ദേശവാഹകർ നിങ്ങളുടെ അടുത്ത് എത്തുമ്പോൾ കഴിയുന്നത്ര കുറച്ച് സമയം നിർത്തി എത്രയും വേഗം പറഞ്ഞയക്കുക. അവരെ അവരുടെ സൈന്യത്തിന്റെ കൂട്ടത്തിൽ വെക്കുക നമ്മുടെ ആളുകൾ അവരോട് സംസാരിക്കുന്നത് തടയുക, താങ്കൾ സ്വയം അവരോട് സംസാരിക്കുമ്പോൾ രഹസ്യങ്ങൾ വെളിപ്പെടുത്തരുത്, അല്ലെങ്കിൽ താങ്കളുടെ കാര്യങ്ങൾ ആശയക്കുഴപ്പത്തിലാകും, ആരോടെങ്കിലും അഭിപ്രായം ചോദിക്കണമെങ്കിൽ ശരിയായ അഭിപ്രായം ലഭിക്കാൻ അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം നഷ്ടങ്ങൾ ഇല്ലാതിരിക്കാൻ അവരോട് എല്ലാ കാര്യങ്ങളും തുറന്ന് പറയുക, രാത്രി സമയങ്ങളിൽ തങ്ങളുടെ സുഹൃത്തുക്കളുമായി സംസാരിക്കുക അതുമുഖേന താങ്കൾക്ക് ധാരാളം വാർത്തകൾ ലഭിക്കുന്നതാണ്. സുരക്ഷാസേനയിൽ കൂടുതൽ ആളുകളെ വെക്കുക, അവരെ സൈന്യത്തിലുടനീളം വ്യാപിപ്പിക്കുക. ഇടക്കിടക്ക് മുന്നറിയിപ്പ് കൂടാതെ അവരുടെ താവളങ്ങളിൽ പരിശോദന നടത്തുക. അവരുടെ സംരക്ഷണ സ്ഥലങ്ങളിൽ അശ്രദ്ധരായിട്ടുള്ളവർക്ക് നല്ലപോലെ മുന്നറിയിപ്പ് നൽകുക, ശിക്ഷ നൽകുമ്പോൾ അമിതമാകരുത്, രാത്രിയിലെ തുടക്കത്തിലുള്ള ഡ്യൂട്ടി കൂടുതൽ സമയം വെക്കുക കാരണം ആ സമയത്ത് ഉണർന്നിരിക്കാൻ എളുപ്പമാണ്. രാത്രിയുടെ അവസാന സമയത്തുള്ള ഡ്യൂട്ടി കുറവായിരിക്കണം. ശിക്ഷ അർഹിക്കുന്നവരെ ശിക്ഷിക്കാൻ ഭയക്കരുത്. അവരിൽ കരുണ കാണിക്കരുത്. ശിക്ഷിക്കുന്നതിൽ തിടുക്കം കാണിക്കുകയോ അതിനെ പാടേ അവഗണിക്കുകയോ ചെയ്യരുത്. വീണ്ടും പറഞ്ഞു, താങ്കളുടെ സൈന്യത്തിൽ നിന്നും അവർ തിന്മയിലകപ്പെടുംവിധം അശ്രദ്ധരാകരുത്. ചാരപ്പണി നടത്തി അവരെ അപമാനിക്കുകയും ചെയ്യരുത്. അവരുടെ രഹസ്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കരുത്. അവർ എങ്ങനെയാണൊ അതിൽ തൃപ്തനാകുക വ്യർത്ഥരായ ആളുകളുടെ കൂട്ടത്തിൽ ഇരിക്കരുത്. സത്യസന്ധരും വിശ്വസ്തരുമായ ആളുകളോടൊപ്പം ഇരിക്കുക. യുദ്ധത്തിനിടയിൽ ശത്രുവിനെ ചെറുത്ത് നിൽക്കുക. ഭീരുവാകരുത്, ആയാൽ മറ്റുള്ളവരും ഭീരുക്കളാകുന്നതാണ്. യുദ്ധമുതലിനെ അപഹരിക്കരുത്, അത് ദാരിദ്രത്തിലേക്ക് അടുപ്പിക്കുകയും വിജയത്തിൽ നിന്നും സഹായത്തിൽ നിന്നും തടയുകയും ചെയ്യുന്നു. ഹുദൂർ തിരുമനസ്സ് പറഞ്ഞു, ഓരോ നേതാവും പിന്തുടരേണ്ട, ഓരോ ഭാരവാഹിയും നിർബന്ധമായും അനുവർത്തിക്കേണ്ട ഒരു സമ്പൂർണ കർമ്മ പദ്ധതിയാണിത്.

രണ്ടാമത്തെ സൈന്യം ആദ്യകാലത്ത് ഇസ്ലാം സ്വീകരിച്ച വ്യക്തിയും ഖിലാഫത്തെ റാശിദയുടെ പ്രശസ്ത സൈന്യാധിപനുമായ ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസനയുടേതായിരുന്നു. മൂന്നാമത്തെ സൈന്യം അമീനുൽ ഉമ്മത്തും അശ്റ മുബശ്ശിറയിൽപെട്ട സൗഭാഗ്യവാനായ ഹദ്റത്ത് അബൂ ഉബൈദ ബിൻ അൽ ജർറാഹിന്റെയും ആയിരുന്നു. അവരോടൊപ്പം ഹദ്റത്ത് അബൂബക്കർ(റ) അറേബ്യയിലെ പ്രസിദ്ധരായ കുതിര സവാരിക്കാരിൽ ഒരാളും ഉയർന്ന പദവിയും സ്ഥാനവുമുള്ള ഹദ്റത്ത് ഖൈസ് ബിൻ ഹുബൈറയെ അയച്ചു. ഇതിന്റെ ബാക്കി പരാമർശം ഇൻശാഅല്ലാഹ് തുടരുന്നതായിരിക്കും.

ഹുദൂർ തിരുമനസ്സ് 2022 ഓഗസ്റ്റ് 12 ന് റബ്‌വയിൽ ശഹീദായ ദാറുൽ റഹ്മത്തിൽ താമസിക്കുന്ന ബഹുമാനപ്പെട്ട അബ്ദുൽ ഗനീ സാഹിബിന്റെ മകൻ നസീർ അഹ്മദ് സാഹിബിനെ കുറിച്ച് വിശദമായി പരാമർശിച്ചുകൊണ്ട് ജുമുഅ നംസ്കാരത്തിന്ശേഷം അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളമ്പരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرْ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 19.08.2022
Malayalam Translation: **Moulavi M. Fahin Ahmad** For Malayalam Desk, Qadian.
**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**